"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി - 2015 ലെ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം ശ്രീ.വി.ഗോവിന്ദൻകുട്ടി, മാനേജിംഗ് പാർട്ട്ണർ, ദിവ്യ മെറ്റൽ ഇൻഡസ്ട്രീസ്, ചേലക്കോട്.പി.ഒ, തൃശ്ശൂർ സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

വ്യവസായ (എ) വകുപ്പ്

G.O.(Rt)No.255/2024/ID തീയതി,തിരുവനന്തപുരം, 26-03-2024

പരാമർശം:-

1. തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റിന്റെ 20.11.2023 തീയതിയിലെ 100/23-24/GS/2199/C2/TDO/18 നമ്പർ നടപടിക്രമം.
2. ശ്രീ.വി.ഗോവിന്ദൻകുട്ടി, മാനേജിംഗ് പാർട്ട്ണർ, ദിവ്യ മെറ്റൽ ഇൻഡസ്ട്രീസ്, ചേലക്കോട്.പി.ഒ, തൃശ്ശൂർ 16.01.2024 ൽ സമർപ്പിച്ച അപ്പീൽ പെറ്റിഷൻ
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 18.03.2024 തീയതിയിലെ ഡി.എം.ജി/442/2024-എം2 നമ്പർ കത്ത്

ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്ക് വെങ്ങാനെല്ലൂർ വില്ലേജ് സർവെ നമ്പർ 389/1,2, 382/4 ൽപ്പെട്ട ക്വാറിയിലും, സർവെ 386/2,3,4 ൽപ്പെട്ട ക്രഷർ യൂണിറ്റിലും അനധികൃത കരിങ്കൽ ഖനനവും കരിങ്കൽ ഉൽപ്പന്നങ്ങളുടെ സ്റ്റോക്കും നടത്തിയതുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജിയോളജി ഓഫീസിൽ നിന്നും നടത്തിയ പരിശോധനയിൽ ദിവ്യ മെറ്റൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ സ്ഥലത്തു നിന്നും 164085.768 ക്യൂബിക് മീറ്റർ കരിങ്കല്ല് അനധികൃതമായി നീക്കം ചെയ്തതായി കണ്ടെത്തിയതിനെ തുടർന്ന് ആയതിന് റോയൽറ്റി, വില ഇനത്തിൽ ഫീസ് ഉൾപ്പെടെ 2,95,35,438/- (രണ്ടുകോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി മുപ്പത്തിഅയ്യാരത്തി നാനൂറ്റി മുപ്പത്തിഎട്ട് രൂപ) രൂപയും കൂടാതെ കോമ്പൗണ്ടിങ്ങ് ഫീസും ഒടുക്കുന്നതിനാവശ്യപ്പെട്ട് തൃശ്ശൂർ ജിയോളജിസ്റ്റ് 20.11.2023 ൽ പുറപ്പെടുവിച്ച പരാമർശം (1) നടപടിക്രമത്തിനെതിരെ ശ്രീ.വി.ഗോവിന്ദൻകുട്ടി, മാനേജിംഗ് പാർട്ട്ണർ, ദിവ്യ മെറ്റൽ ഇൻഡസ്ട്രീസ്, ചേലക്കോട്.പി.ഒ, തൃശ്ശൂർ പരാമർശം (2) പ്രകാരം ഒരു അപ്പീൽ ഹർജി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി 29/02/2024 ന് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിയും, തൃശ്ശൂർ ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും പങ്കെടുക്കുകയുണ്ടായി.

3. അപ്പീൽ ഹർജി സംബന്ധിച്ച്മൈനിംഗ് & ജിയോളജി വകുപ്പ് ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തലപ്പിള്ളി താലൂക്ക് വെങ്ങാനെല്ലൂർ വില്ലേജ് സർല്ലെ 389/1, 389/2, 382/4 ൽ പ്പെട്ട 0.9300 ഹെ. സ്ഥലത്ത് കരിങ്കൽ ഖനനം നടത്തി പൊതു റോഡ് നിർമ്മാണം നടത്തുന്നതിനുള്ള അനുമതിയ്ക്കായുള്ള ശ്രീ. ഗോവിന്ദൻ കുട്ടി, മാനേജിംഗ് പാർട്ട്ണർ, M/s. ദിവ്യ മെറ്റൽ

ഇൻഡസ്ട്രീസ്, ചേലക്കോട് എന്നവരുടെ അപേക്ഷയിൻമേൽ ബഹു. കേരള ഹൈക്കോടതിയുടെ WP(C)No.36329/2015 നമ്പർ കേസിലെ 23/12/2015 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിസരവാസികൾക്ക് അപകടമുണ്ടാകാത്ത രീതിയിലും സുരക്ഷാ മാനദണ്ഡങ്ങൾ സ്വീകരിച്ചും കരിങ്കൽ ഖനനപ്രവർത്തി നടത്തുന്നതിന് തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റ് 16/03/2013 ന് പുറപ്പെടുവിച്ച 666/15-16/2968/GS/C2/TDO/15 നമ്പർ ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലാ ജിയോളജി ഓഫീസിൽ നിന്നും 16/03/2016 ന് അനുമതി നൽകിയിരുന്നു. റോഡ് നിർമ്മാണത്തിന്റെ ഭാഗമായുള്ള ഖനനപ്രവർത്തിയുടെ അടിസ്ഥാനത്തിൽ ലഭ്യമായിരുന്ന കരിങ്കല്ല് ടി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള അനുബന്ധക്രഷർ യൂണിറ്റിൽ സംഭരിക്കുകയും ഡീലേഴ്സ് ലൈസൻസ് സമ്പാദിച്ച് കരിങ്കൽ ഉൽപ്പന്നങ്ങളാക്കി മാറ്റി വിൽപന നടത്തി വരുകയും ചെയ്തിരുന്നു. എന്നാൽ മേൽ സ്ഥലത്തുള്ള ഖനന പ്രവർത്തിക്കെ തിരായി ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ സീനിയർ ജിയോളജിസ്റ്റ് സ്ഥലം പരിശോധിച്ചതിൽ ടി സ്ഥലത്ത് നടക്കുന്ന പ്രവർത്തി പൊതുവഴി നിർമ്മാണമല്ലെന്ന് മനസ്സിലാക്കുകയും ആയതിനാൽ ബഹു. ഹൈക്കോടതി ഉത്തരവിന്റെയും KMMC ചട്ടങ്ങളുടെയും ലംഘനമുണ്ടെന്ന് കാണിച്ച് ടി സ്ഥാനത്തിന് 28/11/2018 ന് താൽക്കാലിക സ്റ്റോപ്പ് മെമ്മോ നൽകുകയും ഉണ്ടായി. ഇതിനെതിരെ സ്ഥാപനമുടമ ബഹു. ലോകായുക്തയിൽ നിന്നും 14/01/2019 തീയ്യതിയിൽ സ്റ്റേ സമ്പാദിച്ചിരുന്നു. പിന്നീട് ആലായ്ക്കൽ അബ്ദുൽ ഹസീസിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ മൈനിംഗ് & ജിയോളജി വകുപ്പിന്റെ മധ്യമേഖലാ സ്ക്വാഡ് ജിയോളജിസ്റ്റ് പ്രസ്തുത സ്ഥലം പരിശോധിക്കുകയും പൊതു വഴി നിർമ്മാണത്തിന്റെ അപാകം പരിഹരിക്കുന്നതു വരെ ഖനന പ്രവർത്തനങ്ങൾ നിർത്തിവെയ്പ്പിക്കുകയുമുണ്ടായി. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ നിർദ്ദേശത്തെ തുടർന്ന് ജില്ലാ ജിയോളജിസ്റ്റും മധ്യമേഖല സ്ക്വാഡ് ജിയോളജിസ്റ്റും 04/07/2019 ന് സംയുക്ത സ്ഥല പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ടിൽ മുൻപ് കണ്ടെത്തിയിരുന്ന വസ്തുതകൾ ശരിവയ്ക്കുകയും ഉണ്ടായി. കൂടാതെ ടി വിഷയത്തിൽ ചേലക്കര പോലീസ് സബ് ഇൻസ്പെക്ടർ മേൽ വസ്തുതകൾ പരാമർശിച്ച് ജില്ലാ കളക്ടർക്ക് കത്ത് നൽകുകയും ടി വിവരം അറിയിക്കുകയും ചെയ്തിരുന്നു.

മേൽപറഞ്ഞ സ്ഥാപനമുടമയ്ക്ക് ബഹു. ലോകായുക്തയിൽ നിന്നും ലഭിച്ച സ്റ്റേ മാറ്റി കിട്ടുന്നതിന് 13/3/2019, 18/10/2019 തീയ്യതികളിൽ കാര്യവിവര പത്രിക ഫയൽ ചെയ്തിട്ടുള്ളതുമാണ്. M/s.ദിവ്യ മെറ്റൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ കരിങ്കൽ ഖനനപ്രവർത്തി കേരള ഹൈക്കോടതിയുടെ WP(C)No.36329/2015 നമ്പർ കേസിലെ 23/12/2015 ലെ ഉത്തരവിന്റെ കൃത്യമായ ലംഘനമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ജിയോളജിസ്റ്റ് ബഹു. ഹൈക്കോടതിയിൽ 29/10/2019 ന് WP(C)No.36329/2015 നമ്പർ കേസിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. ടി സ്ഥലത്തു തന്നെ സ്ഥിതിചെയ്യുന്നതും ടി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ മെറ്റൽ ക്രഷർ യൂണിറ്റിന് അനുവദിച്ചിരുന്ന ഡീലേഴ്സ് ലൈസൻസിന്റെ അടിസ്ഥാനത്തിലുള്ള സ്റ്റോക്ക് പരിശോധിച്ചതിൽ കണക്കിൽ അപാകം കണ്ടെത്തുകയും വിശദീകരണ നോട്ടീസ് നൽകുകയും ക്രഷർ യൂണിറ്റിന്റെ പ്രവർത്തനം നിർത്തിവയ്പ്പിച്ച് തുടർ നടപടി സ്വീകരിക്കുകയുമുണ്ടായി. മേൽപറഞ്ഞ വിഷയത്തിൽ M/s.ദിവ്യ മെറ്റൽ ഇൻഡസ്ട്രീസ് ഹൈക്കോടതിയിൽ WP(C)No.30036/2019 നമ്പറായി പുതിയ ഹർജി ഫയൽ ചെയ്യുകയുണ്ടായി. ബഹു. ഹൈക്കോടതി മേൽപറഞ്ഞ WP(C)No.36329/2015 & 30036/2019 നമ്പർ കേസുകൾ ഒന്നിച്ച് പരിഗണിച്ച് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിലൂടെ ജില്ലാ കളക്ടറിൽ നിന്നുള്ള റിപ്പോർട്ടും 6/12/2019 ലെ ഇടക്കാല ഉത്തരവിൽ അഡ്വക്കേറ്റ് കമ്മീഷന്റെ റിപ്പോർട്ടും ആവശ്യപ്പെടുകയുണ്ടായി. പൊതു ആവശ്യത്തിനല്ലാതെ സ്വകാര്യ വഴി നിർമ്മിക്കുന്നതിന്റെ

ഭാഗമായി വൻതോതിൽ പാറഖനനം ചെയ്തു നീക്കിയിട്ടുണ്ടെന്നും അവശ്യം വേണ്ടതായ ലൈസൻസുകൾ സമ്പാദിക്കാതെയും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും 1,30,000 മെ.ടൺ പാറ ഈ രീതിയിൽ പൊട്ടിച്ചു നീക്കിയിട്ടുണ്ടെന്നും ജില്ലാ കളക്ടറുടെ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. പാറ കടത്തികൊണ്ടുപോകുന്നതിന് പുതിയ റോഡ് നിർമ്മിച്ചിട്ടുണ്ടെന്നും പ്രസ്തുത റോഡിലൂടെ ടോറസ്സുകൾ ഉൾപ്പെടെയുള്ള വലിയ വാഹനങ്ങൾ ഭാരം കയറ്റി സുഗമമായി പോകുമെന്നും ടി റോഡ് വളരെ കാലമായി ഉപയോഗത്തിലുള്ളതാണെന്നും അഡ്വക്കേറ്റ് കമ്മീഷൻ ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ പരാമർശിക്കുകയുണ്ടായി.

മുൻപ് ഉപയോഗിച്ച്കൊണ്ടിരുന്ന വഴിയിലൂടെയുള്ള ധാതുഗതാഗതം തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർ നിരോധിച്ച സാഹചര്യത്തിൽ വ്യാപാരം നടത്തുന്നതിന് മറ്റ് റോഡില്ലെന്ന് കാണിച്ച് ഹൈക്കോടതിയിൽ നിന്നും സമ്പാദിച്ച ബഹു. കേരള ഹൈക്കോടതിയുടെ WP(C)No.36329/2015 നമ്പർ കേസിലെ 23/12/2015 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ M/s.ദിവ്യ മെറ്റൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം നിർമ്മിക്കുന്നത് പൊതുവഴിയല്ലെന്നും ക്വാറിയിലെ പാറപൊട്ടിച്ചു വിൽപന നടത്തുന്നതിനുള്ള ഉദ്ദേശ്യത്തോടുകൂടി ഹൈക്കോടതി ഉത്തരവിനെ ദുരുപയോഗം ചെയ്തതാണെന്നും ബോധ്യപ്പെടുകയുണ്ടായി. കൂടാതെ അപ്രകാരം സംഭരിച്ച കരിങ്കൽ ഉൽപന്നങ്ങൾ ടി സ്ഥാപനം മറ്റൊരു പുതിയ വഴിയുണ്ടാക്കി അതിലൂടെ പുറത്തേയ്ക്ക് കടത്തി വിൽപന നടത്തിയിട്ടുമുണ്ട്. പ്രസ്തുത പ്രവർത്തികൾ ബഹു. ഹൈക്കോടതി ഉത്തരവിന്റേയും ചട്ടങ്ങളുടെയും ലംഘനമാണ്. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷനിൽ 18/12/2020 ന് ബഹു.കോടതി പുറപ്പെടുവിച്ച വിധിന്യായം പ്രകാരം വെങ്ങാനെല്ലൂർ വില്ലേജ് സർവ്വേ നം.386/2, 3, 4 എ ൽപ്പെട്ട മെറ്റൽ ക്രഷർ യൂണിറ്റിൽ അനധികൃതമായി സംഭരിച്ചു വച്ച കരിങ്കൽ ഉൽപ്പന്നങ്ങൾ നിയമാനുസൃതം കണ്ടുകെട്ടുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനും നടപടിക്രമം പുറപ്പെടുവിച്ചിരുന്നുവെങ്കിലും ടി വിധിന്യായം പ്രാവർത്തികമാക്കുന്നത് വ്യവസ്ഥകൾക്ക് വിധേയമായി നിർത്തി വയ്ക്കുന്നതിന് ബഹു. കേരള ഹൈക്കോടതി മുൻപാകെ പെൻഡിങ് ഉള്ള 729/2021, 730/2021, 731/2021 നമ്പർ റിട്ട് അപ്പീലുകളിൽ 19/5/2021 ന് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിലൂടെ നിർദ്ദേശിക്കുകയുണ്ടായി. മേൽപരാമർശിച്ച സ്ഥലത്തെ ഖനനപ്രവർത്തനത്തിനെതിരായ പരാതിയിൽ തൃശ്ശൂർ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിലെ VC/08/21/TSR നം. കേസുമായി ബന്ധപ്പെട്ട് മേൽ പരാമർശിച്ച സ്ഥലം 24/01/2022, 13/4/2022 തീയ്യതികളിൽ സർവ്വേ ഉദ്യോഗസ്ഥരോടൊപ്പം പരിശോധിച്ചത് പ്രകാരം ആകെ നീക്കം ചെയ്ത കരിങ്കല്ലിന്റെ അളവ് 2,27,332 ക്യൂബിക് മീറ്ററാണെന്ന് തിട്ടപ്പെട്ടു ത്തുകയുണ്ടായി. റോഡ് നിർമ്മാണത്തിനായി റോയൽറ്റി ഈടാക്കി ആകെ അനുവദിച്ച ധാതുവിന്റെ അളവ് 41417.75 ക്യൂബിക് മീറ്ററാണെന്നും ദിവ്യ മെറ്റൽസ് എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിലവിലുള്ള സ്റ്റോക്ക്, വകുപ്പ് ആസ്ഥാനത്തെ സർവ്വേയർ മുഖേന തിട്ടപ്പെടുത്തിയിട്ടുള്ളത് 21,828.482 ക്യൂബിക് മീറ്ററാണെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. മേൽ പരാമർശിച്ച സ്ഥലത്തു നിന്നും അനധി കൃതമായി നീക്കം ചെയ്ത കരിങ്കല്ലിന്റെ ആകെ അളവ് 164085.768ക്യൂബിക് മീറ്റർ ആണെന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതുമാണ്. ഹർജിക്കാരനായ ശ്രീ. ഗോവിന്ദൻ കുട്ടി, മാനേജിംഗ് പാർട്ട്ണർ, M/s. ദിവ്യ മെറ്റൽ ഇൻഡസ്ട്രീസ്, ചേലക്കര എന്നവരിൽ നിന്നും അനധികൃതമായി കരിങ്കല്ല് ഖനനം ചെയ്ത വകയിൽ സർക്കാരിലേയ്ക്ക് ബാധ്യതയുള്ള തുക ഈടാക്കുന്നതിനും മേൽ പരാമർശിച്ച സ്ഥലത്ത് സ്റ്റോക്കുള്ള കരിങ്കൽ ഉൽപ്പന്നങ്ങൾ കണ്ട് കെട്ടി ലേല നടപടികൾ സ്വീകരിക്കുന്നതിനും അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറിൽ നിന്നുള്ള 22/08/2023 ലെ AAG-kpj/WA Nos.729/2021, 730/2021 & 731/2021 നം. കത്ത് പ്രകാരം നിയമോപദേശം

ലഭിക്കുകയുണ്ടായി. ആയതുകൊണ്ട് അനധികൃതമായി ഖനനം ചെയ്ത് നീക്കം ചെയ്ത 164085.768 ക്യൂബിക് മീറ്റർ കരിങ്കല്ലിന്റെ റോയൽറ്റി, വില വകയിൽ 2,95,35,438/- രൂപ ശ്രീ. വി. ഗോവിന്ദൻകുട്ടി, മാനേജിംഗ് പാർട്ട്ണർ, M/s. ദിവ്യ മെറ്റൽ ഇൻഡസ്ട്രീസ്, നാട്ടുൻചിറ, ചേലക്കര എന്നവരിൽ നിന്നും സർക്കാരിലേക്ക് ഈടാക്കുന്നതിനും ടി സ്ഥലത്ത് സ്റ്റോക്കുള്ള 21828.482 ക്യൂബിക് മീറ്റർ കരിങ്കല്ല് സർക്കാരിലേക്ക് കണ്ടുകെട്ടി ലേല നടപടി സ്വീകരിക്കുന്ന തിനും പ്രസ്തുത തുക ഒടുക്കാത്ത പക്ഷം ആയത് സർക്കാരിലേശ്രീ.വി.ഗോവിന്ദൻകുട്ടി, മാനേജിംഗ് പാർട്ട്ണർ, ദിവ്യ മെറ്റൽ ഇൻഡസ്ട്രീസ്, ചേലക്കോട്.പി.ഒ, തൃശ്ശൂർക്ക് വസൂലാക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനും 4-9-2023 തീയതിയിൽ 87/23-24/GS/2199/C2/TDO/18 ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി തലപ്പിള്ളി താലൂക്ക് വെങ്ങാനെല്ലൂർ വില്ലേജ് സർവ്വെ നം. 389/1,2, 382/4 ൽ പ്പെട്ട ക്വാറിയിലും, സർവ്വെ 386/2,3,4 ൽ പ്പെട്ട ക്രഷർ യൂണിറ്റിലും അനധികൃത കരിങ്കൽ ഖനനവും കരിങ്കൽ ഉൽപ്പന്നങ്ങളുടെ സ്റ്റോക്കും നടത്തിയതിന് ജില്ലാ ജിയോളജി ഓഫീസിൽ നിന്നും സ്വീകരിച്ച നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ ശ്രീ. വി. ഗോവിന്ദൻകുട്ടി, മാനേജിംഗ് പാർട്ട്ണർ, M/s. ദിവ്യ മെറ്റൽ ഇൻഡസ്ട്രീസ്, നാട്ടുൻചിറ, ചേലക്കര എന്നവർ ഫയൽ ചെയ്തിരുന്ന ബഹു. കേരള ഹൈക്കോടതിയുടെ WA No.729/2021, 730/2021, 731/2021 against judgment in WP(C)30036/2019, 23166/2020, 36329/2015 കേസിൽ 15/9/2023 തീയതിയിൽ വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. അനധികൃത കരിങ്കൽ ക്വാറി ഖനനം, അനധികൃത കരിങ്കൽ ഉൽപ്പന്നങ്ങളുടെ കാര്യത്തിലും ക്രഷർ യൂണിറ്റിൽ കരിങ്കൽ ഉൽപ്പന്നങ്ങൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിനായുള്ള ഡീലേഴ്സ് ലൈസൻസിനായുള്ള അപേക്ഷയുടെ കാര്യത്തിലും ടി സ്ഥാപനത്തിന്റെ മാനേജിംഗ് പാർട്ട്ണറെ നേരിൽ കേട്ട് മൂന്ന് മാസത്തിനകം തീരുമാനം കൈകൊള്ളണമെന്ന് വിധിന്യായത്തിലുടെ ജില്ലാ ജിയോളജിസ്റ്റിനോട് നിർദ്ദേശിച്ചിരുന്നു. ഈ സാഹചര്യത്തിൽ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായത്തിനനുസൃതമായി 2023 ഒക്ടോബർ മാസം 20 ന് മൈനിംഗ് & ജിയോളജി തൃശ്ശൂർ ജില്ലാ കാര്യാലയത്തിൽ ഹിയറിംഗ് നടത്തുകയും ടി സ്ഥാപനത്തിന് ബോധിപ്പിക്കാനുള്ള കാര്യങ്ങൾ നേരിൽ കേൾക്കുകയും അനുബന്ധ രേഖകൾ ഹിയറിംഗ് സമയത്ത് ഹാജരാക്കുകയും ആയത് പരിശോധിക്കുകയും ഉണ്ടായി. 4/9/2023 ൽ പുറപ്പെടുവിച്ചിരുന്ന 87/23-24/GS/2199/C2/TDO/18 നമ്പർ ഉത്തരവിലെ നടപടികളുമായി മുന്നോട്ട് പോകുന്നതിനാണ് നിർവ്വാഹമുള്ളു എന്ന് ശ്രീ.ഗോവിന്ദൻ കുട്ടി, മാനേജിംഗ് പാർട്ട്ണർ, M/s. ദിവ്യ മെറ്റൽ ഇൻഡസ്ട്രീസ്, ചേലക്കര എന്നവരെ അറിയിച്ച്കൊണ്ടും ബഹു. ഹൈക്കോടതിയുടെ WA No.729/2021, 730/2021, 731/2021 against judgment in WP(C)30036/2019, 23166/2020, 36329/2015 വിധിന്യായം നടപ്പിലാക്കിക്കൊണ്ടും 20/11/2023 തീയതിയിൽ 100/23-24/GS/2199/C2/TDO/18 നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

4. ഹിയറിംഗ് വേളയിൽ അപ്പീൽകക്ഷി ബോധിപ്പിച്ച വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.

കേരള ഹൈക്കോടതിയിൽ 2015 മുതൽ 15/09/2023 ന് അന്തിമവിധി വരുന്നതുവരെ നടന്ന വ്യവഹാരങ്ങൾ എല്ലാം തന്നെ പാറ നീക്കം ചെയ്ത കൊണ്ടുള്ള റോഡ് നിർമ്മാണത്തെ സംബന്ധിച്ച മാത്രമായിരുന്നു. റോഡ് നിർമ്മാണത്തിന് കോടതിയിൽ നിന്നും അനുമതി തേടി കൊണ്ടായിരുന്നു 2015 ൽ കേസ് ഫയൽ ചെയ്തത്. WP(C)36329/2015 ലെ കോടതി ഉത്തരവ് പ്രകാരം 23/12/2015 തീയ്യതിയിൽ റോഡ് നിർമ്മാണത്തിന് അനുമതി ലഭിച്ചു. ഈ അനുമതി

പ്രകാരം 2018 വരെ റോഡ് നിർമ്മാണം തുടർന്നു.

ക്വാറിയിലേയ്ക്കും ക്രഷർ യൂണിറ്റിലേയ്ക്കും റോഡ് ഉണ്ടായിരുന്നിട്ടും കോടതിയെ തെറ്റിദ്ധരിപ്പിച്ച് പാറ നീക്കം ചെയ്ത് റോഡ് നിർമ്മിക്കാൻ അനുമതി നേടി എന്നായിരുന്നു അന്നത്തെ ജിയോളജിസ്റ്റ് കോടതിയെ ധരിപ്പിച്ചത്. 2015 ലെ കോടതി ഉത്തരവിനെതിരെയാണ് മേൽ കാര്യം പറഞ്ഞത് 2018 ൽ ഈ ജിയോളജിസ്റ്റ് റിവ്യൂ ഹർജി ഫയൽ ചെയ്തത്. 2018 ൽ പ്രളയത്തിൽ മണ്ണിടിഞ്ഞുണ്ടായ റോഡ് 2016 ലും ഉണ്ടായിരുന്നു എന്നാണ് ഇദ്ദേഹം കോടതിയെ ധരിപ്പിച്ചത്.

ഈ കേസിൽ സത്യം കോടതിയിൽ തെളിയിക്കാൻ 15/9/2023 വരെ നിയമപോരാട്ടം തുടരേണ്ടി വന്നു. റോഡ് നിർമ്മാണം നടത്തിയത് കോടതിയുടെ ഉത്തരവു പ്രകാരവും ജിയോളിസ്റ്റിന്റെ അനുമതികൾ പ്രകാരവുമാണെന്ന് 15/9/2023 ന് കോടതി വിധിച്ചു. ഈ നിർമ്മാണവുമായി ബന്ധപ്പെട്ട കേസാണ് 15/09/2023 ന് കോടതി തീർപ്പാക്കിയത്.

03/09/2023 വരെ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട കേസല്ലാതെ മറ്റൊരു നോട്ടീസും ജിയോളജിസ്റ്റ് നൽകിയിരുന്നില്ല. 03/09/2023 ന് മുൻപ് ജിയോളജിസ്റ്റ് നൽകിയ 28/01/2021 ലെ നോട്ടീസ് പ്രകാരം തങ്ങൾ അടയ്ക്കേണ്ടിയിരുന്നത് 42,34,151/- രൂപയായിരുന്നു. മേൽ നോട്ടീസും തുടർ നടപടികളും കോടതി സ്റ്റേ ചെയ്തിരുന്ന സാഹചര്യത്തിലാണ് ഈ നോട്ടീസ് റദ്ദ് ചെയ്യാതെ 2,95,35,438/- രൂപയുടെ മറ്റൊരു നോട്ടീസ് 04/09/2023 ന് നൽകിയത്. അതുകൊണ്ട് തന്നെ ഈ നോട്ടീസ് നിയമവിരുദ്ധമാണ്. കോടതി ഉത്തരവിന്റെ ലംഘനവും യാതൊരു വിധത്തിലും നിലനിൽക്കാത്തതുമാണ്.

ഈ നോട്ടീസ് നൽകിയത് ഈ സ്ഥലത്തും ഇതിനോട് ചേർന്ന മറ്റു സ്ഥലങ്ങളിലും റവന്യൂ പാറ പുറമ്പോക്കിലും 1990 മുതൽ ഖനനം ചെയ്ത ശേഷം abandoned stage ൽ കിടന്ന ക്വാറികൾ അളന്നു കൊണ്ടായിരുന്നു. 04/09/2023 ലെ മേൽപറഞ്ഞ ഉത്തരവ് / നോട്ടീസ് നൽകുന്നതിനും മുൻപ് മേൽപ്പറഞ്ഞ സ്ഥലത്തും അതിന്റെ പരിസര പ്രദേശങ്ങളിലുമുള്ള ക്വാറികളും റോഡ് നിർമ്മാണത്തിനു മുൻപ് 2015 ലെ കോടതി ഉത്തരവുപ്രകാരം റോയൽറ്റി അടച്ച് തീർപ്പാക്കിയ ക്വാറികളും ഉള്ള കാര്യം പരിഗണിക്കപ്പെട്ടിട്ടില്ല. അളക്കുന്നതിനു മുൻപ് സ്ഥലമുടമയ്ക്ക് നോട്ടീസ് നൽകിയിരുന്നില്ല. സ്ഥലമുടമയുടെ സ്ഥലം ഏതെന്ന് വേർതിരിച്ചിരുന്നില്ല. സ്ഥലങ്ങളും ക്വാറികളും തിരിച്ചറിയുന്നതിന് വില്ലേജ് ഓഫീസറുടേയോ താലൂക്ക് സർവ്വേയറുടെയോ സഹായം തേടിയിരുന്നില്ല. ക്വാറികൾ അളന്നു തിട്ടപ്പെടുത്തിയതു സംബന്ധിച്ച മഹസ്സർ തയ്യാറാക്കിയിരുന്നില്ല. 2002 മുതൽ തന്നെ തങ്ങൾ സമ്പാദിച്ചിരുന്ന പെർമിറ്റുകൾ / CRPS പെർമിറ്റുകൾ എന്നിവ പരിശോധിച്ചിരുന്നില്ല. ഈ സ്ഥലം തങ്ങൾ 1998 ൽ വാങ്ങുന്നതിനു മുൻപ് അവിടെ ക്വാറി ഉണ്ടായിരുന്ന സംഗതി പരിഗണിച്ചിട്ടില്ല. റോഡ് പണി തുടങ്ങുന്നതിനു മുൻപ് അതുവരെ തങ്ങൾ നടത്തിയ ഖനനത്തിന് യാതൊരുവിധ കുടിശ്ശികയും ഈടാക്കാനുണ്ടായിരുന്നില്ല എന്ന വസ്തുതയും പരിഗണിച്ചിട്ടില്ല.

15/09/2023 നു മുൻപുള്ള എല്ലാ ഉത്തരവുകളും നടപടിക്രമങ്ങളും പരിഗണിക്കാതെ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് അനുമതിയിൽ കൂടുതൽ കരിങ്കല്ല് ഖനനം ചെയ്തിട്ടുണ്ടെങ്കിൽ ആയതിനെതിരെ നടപടി സ്വീകരിച്ച് നടപടി പൂർത്തീകരിച്ച ശേഷം ഡീലേഴ്സ് ലൈസൻസ് നൽകണമെന്നതായിരുന്നു 15/09/2023 ലെ ഹൈക്കോടതി ഉത്തരവ്. ഈ കോടതി ഉത്തരവിൻമേൽ നടപടി സ്വീകരിച്ച് പുതിയ നോട്ടീസ് നൽകുന്നതിനു പകരം 04/09/2023 ലെ ഉത്തരവിലെ അതേ തുക തന്നെ അടയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 20/11/2023 ൽ മറ്റൊരു നോട്ടീസ് നൽകുകയാണുണ്ടായത്. ഇത് കോടതി ഉത്തരവിന്റെ ലംഘനമാണ്. ഇതിനെതിരെയാണ് അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട്

പാറനീക്കം ചെയ്തതിന് തങ്ങൾ എന്തെങ്കിലും കുടിശ്ശിക ഈടാക്കാനുണ്ടെങ്കിൽ ആയത് മാത്രം ഈടാക്കി ഡീലേഴ്സ് ലൈസൻസ് നൽകിയാൽ മാത്രമേ 15/9/2023 ലെ ഹൈക്കോടതി ഉത്തരവ് നടപ്പിലാകുകയുള്ളുവെന്ന് അറിയിക്കുന്നു.. ആയതിനാൽ ഇപ്രകാരം ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കാൻ വേണ്ടി മാത്രം ജിയോളജിസ്റ്റിന് പ്രത്യേകം ഉത്തരവ് നൽകണമെന്ന് അപേക്ഷിക്കുന്നു.

റോഡ് നിർമ്മാണത്തിനു മുൻപ് തങ്ങൾ നിയമാനുസൃതം നടത്തിയ ഖനന പ്രവർത്തനത്തിന് ഇപ്പോൾ 2024 ൽ Abandoned stage ൽ കിടക്കുന്ന ക്വാറികൾ അളന്നു തിട്ടപ്പെടുത്തി കുടിശ്ശിഖ അടയ്ക്കാൻ ആവശ്യപ്പെടുന്നത് നിയമവിരുദ്ധമാണ്. ഇപ്രകാരമുള്ള ക്വാറികൾ അളന്നു തിട്ടപ്പെടുത്തി കുടിശ്ശിഖ ഈടാക്കേണ്ടതാണെന്ന് 1957 ലെ ആക്ടിലോ 1967 ലെ ചട്ടങ്ങളിലോ 31/3/2023 ലെ ഭേദഗതികളിലോ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. അതുകൊണ്ട്തന്നെ ഇപ്രകാരം നടപടി സ്വീകരിക്കുന്നതും നിയമവിരുദ്ധമാണ്.

എങ്കിൽ തന്നെയും 2016 നു മുൻപ് തങ്ങളുടെ സ്ഥലത്ത് നടന്ന ഖനനപ്രവർത്തനങ്ങൾ നിയമപരമായിരുന്നോ എന്ന് പരിശോധിക്കണ മെന്ന് അഭിപ്രായമുണ്ടെങ്കിൽ ആയതിന് തങ്ങൾ എതിരല്ല. എന്നാൽ ആയത് സംബന്ധിച്ച നടപടിക്രമങ്ങൾ നിയമപരവും സുതാര്യവുമാണെന്ന് അപേക്ഷയുണ്ട്. 1998 നു മുൻപ് ഈ സ്ഥലത്ത് നടന്ന ഖനന പ്രവർത്തനങ്ങൾക്ക് ഉത്തരവാദി തങ്ങളാണെന്ന ഉത്തരവ് ഉണ്ടാകരുതെന്നും, ഈ സ്ഥലത്ത് മുൻകാങ്ങളിൽ നടന്ന ഖനന പ്രവർത്തനത്തിനുള്ള കുടിശ്ശിഖ ഹൈക്കോടതി ഉത്തരവുപ്രകാരം ഈടാക്കിയിരുന്ന വസ്തുതയും ഈ ഹൈക്കോടതി ഉത്തരവും അംഗീകരിക്കണമെന്നും അപേക്ഷയുണ്ട്. തങ്ങൾ ഈ സ്ഥലം വാങ്ങുന്നതിനും മുൻപ് ഈ സ്ഥലത്ത് ക്വാറിയും ക്രഷർ യൂണിറ്റും ഉണ്ടായിരുന്നുവെന്ന വസ്തുതയും, 2002 മുതൽ തങ്ങൾ നിയമാനുസൃതമാണ് ഖനന പ്രവർത്തി നടത്തിയതെന്ന വസ്തുതയും, 2008 മുതൽ 2015 വരെ ടി സ്ഥലത്ത് നടന്ന ഖനന പ്രവർത്തനങ്ങൾക്ക് CRPS പെർമിറ്റുകൾ സമ്പാദിച്ചശേഷം 2016 ൽ റോഡ് നിർമ്മാണത്തിന് അനുമതി സമ്പാദിക്കുന്നതുവരെ കുടിശ്ശിഖ സംബന്ധിച്ച് തങ്ങൾക്കെതിരെ നടപടികൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ലെന്ന വസ്തുതയും പരിഗണിക്കണം.

ഈ സാഹചര്യത്തിലും 2016 നു മുൻപ് നടന്ന ഖനനപ്രവർത്തന ങ്ങൾക്ക് തങ്ങൾക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സർക്കാരിന് അഭിപ്രായമുണ്ടെങ്കിൽ ഈ സംഗതിയിൽ മേൽ വസ്തുതകളെല്ലാം പരിഗണിച്ച് നടപടി സ്വീകരിച്ച് ഈ കാര്യത്തിൽ പ്രത്യേകം നോട്ടീസ് നൽകി നടപടി സ്വീകരിക്കാൻ ജിയോളജിസ്റ്റിന് ഉത്തരവ് നൽകേണ്ടതാണ്.

5. അളക്കുന്നതിനു മുൻപ് സ്ഥലമുടമയ്ക്ക് നോട്ടീസ് നൽകിയിരുന്നില്ലെന്നും സ്ഥലമുടമയുടെ സ്ഥലം ഏതെന്ന് വേർതിരിച്ചിരുന്നില്ലെന്നും സ്ഥലങ്ങളും ക്വാറികളും തിരിച്ചറിയുന്നതിന് വില്ലേജ് ഓഫീസറുടേയോ താലൂക്ക് സർവ്വേയറുടെയോ സഹായം തേടിയിരുന്നില്ലെന്നും ക്വാറികൾ അളന്നു തിട്ടപ്പെടുത്തിയതു സംബന്ധിച്ച മഹസ്സർ തയ്യാറാക്കിയിരുന്നില്ലെന്നുമുള്ള ഹിയറിംഗ് സമയത്തെ അപ്പീൽ കക്ഷിയുടെ വാദത്തിന്മേൽ മൈനിംഗ് & ജിയോളജി ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ തൃശ്ശൂർ വിജിലൻസ്& ആൻറി കറപ്ഷൻ ബ്യൂറോയിലെ VC/08/21/TSR നമ്പർ കേസിലെ അന്വേഷണാവശ്യവുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലം 24/01/2022, 13/04/2022 എന്നീ തിയതികളിൽ സർവ്വെ ഉദ്യോഗസ്ഥരോടൊപ്പം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുള്ളതാണ്. സ്ഥല പരിശോധനയുടെ ഹാജർ സംബന്ധിച്ച രേഖയിൽ അപ്പീൽ കക്ഷി ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

6. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽ ഹർജിയിലെ വിവരങ്ങളുടെയും,

മൈനിംഗ് & ജിയോളജി വകുപ്പ് ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെയും അതിൻമേലുള്ള അപ്പീൽകക്ഷിയുടെ വാദത്തിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. തൃശ്ശൂർ വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോയിലെ VC/08/21/TSR നമ്പർ കേസിലെ അന്വേഷണാവശ്യവുമായി ബന്ധപ്പെട്ട് പ്രസതുത സ്ഥലം സർവ്വെ ഉദ്യോഗസ്ഥരോടൊപ്പം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുള്ളതിനാലും സ്ഥല പരിശോധനയുടെ ഹാജർ സംബന്ധിച്ച രേഖയിൽ അപ്പീൽ കക്ഷി ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളതിനാലും അപ്പീൽ കക്ഷിയുടെ സാന്നിദ്ധ്യത്തിലാണ് പരിശോധന നടത്തിയതെന്ന് വ്യക്തമാണ്. മാത്രവുമല്ല ഈ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം വിജിലൻസിന്റെ പരിഗണനയിലാണ്. അതിനാൽ വീണ്ടും സ്ഥല പരിശോധന നടത്തണമെന്ന അപ്പീൽ കക്ഷിയുടെ വാദം പരിഗണനീയമല്ല.31/03/2023-ലെ കെ.എം.എം.സി ഭേദഗതി ചട്ടം 51(2) പ്രകാരം സർക്കാരിൽ കുടിശ്ശികയുള്ള തുക എല്ലാം ഒടുക്കിയാൽ മാത്രമേ ലൈസൻസ് പുതുക്കി നല്കുവാൻ സാധിക്കുകയുള്ളൂ.

7. അധിക ഖനന / അനധികൃത ഖനന കുടിശ്ശിക നിവാരണ അദാലത്ത് സംഘടിപ്പിക്കുന്നതിന് അനുമതി നൽകിയും മാനദണ്ഡങ്ങൾ നിഷ്കർഷിച്ചും 23/8/2023 ൽ സ ഉ (കൈ) നം.61/2023/വ്യവ ഉത്തരവ്പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന എല്ലാ രേഖകളും അപേക്ഷകൻ ഹാജരാക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് പ്രസ്തുത ഉത്തരവിൽ നൽകിയിരിക്കുന്ന മാർഗ്ഗ നിർദ്ദേശ പ്രകാരം ഖനനം ചെയ്ത കാലഘട്ടത്തിന്റെ അടിസ്ഥാനത്തിൽ അധികമായി / അനധികൃതമായി ഖനനം ചെയ്തു നീക്കിയ ധാതുവിന്റെ പെനാലിറ്റി തുക നിശ്ചയിക്കുന്നതിന് ജിയോളജിസ്റ്റുമാർക്ക് അധികാരം നൽകിയിട്ടുണ്ട്. തീർപ്പു കൽപ്പിക്കുവാനായി ഡിമാന്റ് നോട്ടീസ് നൽകിയ ഫയലുകൾ കൂടി കുടിശ്ശിക നിവാരണ അദാലത്തിൽ ഉൾപ്പെടുത്തുന്നതിന് അനുമതിനൽകിയും അദാലത്തിൽ പരിഗണിക്കുന്നതിന് അപേക്ഷകർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് 31/3/2024 വരെ സമയം നീട്ടി നൽകിയും 05/03/2024 തീയതിയിൽ സ.ഉ (കൈ) 21/2024/വ്യവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അനധികൃതമായി ഖനനം ചെയ്തു നീക്കിയ ധാതുവിന് നിശ്ചയിച്ച പെനാലിറ്റി സംബന്ധിച്ചുള്ള അപ്പീൽ കക്ഷിയുടെ വാദം പരിഗണിച്ച്,അദാലത്ത് സംബന്ധിച്ച ഉത്തരവിൽ പറഞ്ഞിരിക്കുന്ന രേഖകൾ സഹിതം അപേക്ഷ 31/3/2024 നകം സമർപ്പിക്കുവാൻ അപ്പീൽ കക്ഷിക്ക് നിർദ്ദേശം നൽകിക്കൊണ്ടും പ്രസ്തുത അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത വിഷയം അദാലത്തിൽ വച്ച് പരിശോധിച്ച് അനുയോജ്യമായ നടപടികൾ സ്വീകരിക്കുവാൻ തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീ.ഗോവിന്ദൻകുട്ടി പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
B AJITHA
JOINT SECRETARY
& അപ്പീൽ അധികാരി

ശ്രീ.വി.ഗോവിന്ദൻകുട്ടി, മാനേജിംഗ് പാർട്ട്ണർ, ദിവ്യ മെറ്റൽ ഇൻഡസ്ട്രീസ്, ചേലക്കോട്.പി.ഒ, തൃശ്ശൂർ
ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
ജിയോളജിസ്റ്റ്, തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്,
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 26-03-2024 17:17:10

സെക്ഷൻ ഓഫീസർ